**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2971** **07-10-2025 - ൽ മറുപടിയ്ക്ക്**

**വനമേഖലയിലെ മരങ്ങൾ മുറിക്കാൻ സാധ്യതാപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങളിലെ മരങ്ങൾ മുറിച്ച് നീക്കുവാൻ സാധ്യതാപഠനം നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | നിലവിൽ അത്തരം പഠനങ്ങളൊന്നും നടത്തുന്നില്ല. എന്നാൽ 10/05/2019 ലെ സ.ഉ. (സാധാ) നം. 168/2019/വനം പ്രകാരം സംരക്ഷിത വനപ്രദേശങ്ങളിൽ മുമ്പ് നിലവിലുണ്ടായിരുന്ന തോട്ടങ്ങൾ ഘട്ടം ഘട്ടമായി മുറിച്ചുമാറ്റി അവയെ സ്വഭാവിക വനങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ച് പഠിക്കുവാൻ ഒരു സമിതിയെ നിയോഗിച്ചിരുന്നു. |
| (ബി) | ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന ശിപാർശകൾ എന്തെല്ലാമെന്നറിയിക്കാമോ; | (ബി) | സംരക്ഷിത വനപ്രദേശങ്ങളിൽ മുമ്പ് നിലവിലുണ്ടായിരുന്ന തോട്ടങ്ങൾ ഘട്ടം ഘട്ടമായി മുറിച്ചുമാറ്റി അവയെ സ്വഭാവിക വനങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ചിരുന്ന സമിതിയുടെ പഠനത്തിൽ പരിസ്ഥിതി സംരക്ഷണത്തിനും വന്യജീവികളുടെ ആവാസ വ്യവസ്ഥാ സംരക്ഷണത്തിനും അധിനിവേശ കളസസ്യങ്ങൾ ഘട്ടം ഘട്ടമായി നിർമ്മാർജ്ജനം ചെയ്ത് തദ്ദേശീയ സസ്യജാലങ്ങളുടെ വ്യാപനം പ്രോത്സാഹിപ്പിച്ച് സ്വാഭാവിക ആവാസവ്യവസ്ഥയാക്കി സംരക്ഷിക്കണം എന്നും അധിനിവേശ കളസസ്യങ്ങൾ പടർന്നുപിടിക്കാത്ത തദ്ദേശീയ വൃക്ഷത്തോട്ടങ്ങളിലും മറ്റു ഏകവിള തോട്ടങ്ങളിലും ബാഹ്യ ഇടപെടൽ നടത്തേണ്ടതില്ല എന്നും ശുപാർശ ചെയ്തിരുന്നു. |
| (സി) | വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും മരം മുറിക്കരുതെന്നും വീണുകിടക്കുന്ന മരം പോലും എടുക്കാൻ പാടില്ലെന്നും കേന്ദ്ര നിയമത്തിൽ വ്യവസ്ഥയുള്ളപ്പോൾ ഇത്തരമൊരു പഠനം നടത്തുവാനുള്ള തീരുമാനം ഏത് സാഹചര്യത്തിലാണ് ഉണ്ടായതെന്ന് അറിയിക്കാമോ? | (സി) | വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും ജല ലഭ്യത ഉറപ്പുവരുത്തുവാനും മൃഗങ്ങൾക്ക് കൂടുതൽ ഭക്ഷണം ലഭ്യമാകുന്നതിനും മനുഷ്യ-വന്യജീവി സംഘർഷ കുറയ്ക്കുവാനും കഴിയും എന്ന സാധ്യത പരിശോധിയ്ക്കുന്നതിനായാണ് ഇത്തരമൊരു പഠനം നടത്തിയത്. |

സെക്ഷൻ ഓഫീസർ